429/18

## പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്
## (നിലവിൽ ശ്രീ. എം.എൻ.ദിവാകരൻ)

വിഷയം:- പിന്നാക്ക വിഭാഗ വികസനം- ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പ്- 2015-16, 2016-17 തുക വിതരണം - ശരിയായ ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റ് ശേഖരിച്ച് ലഭ്യമാക്കുന്നതിനുള്ള ചുമതല എറണാകുളം മേഖലാ ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- സ.ഉ (സാധാ) നം. 27/2018/ പി.വി.വി.വ തീയതി: 14.03.2018.

..........................................................................................................................

ഉത്തരവ് നമ്പർ : **BCDD/B3/904/2018** തീയതി: 24/ 04/ 2018

..........................................................................................................................

27/04/18

2015-16, 2017-18 വർഷങ്ങളിൽ ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പിന് അർഹരായ വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നിക്ഷേപിച്ച തുകയിൽ വലിയൊരു പങ്കും ബാങ്ക് അക്കൗണ്ട് നമ്പർ സംബന്ധിച്ച് പ്രശ്നങ്ങൾ, പ്രവർത്തന രഹിതമായ സീറോ ബാലൻസ് അക്കൗണ്ടുകൾ, ബാങ്കുകളുടെ ലയനം നിമിത്തം ഐ.എഫ്.എസ്.സി. കോഡിലുണ്ടായ വ്യത്യാസം തടങ്ങി നിരവധി കാരണങ്ങളാൽ റിജക്ഷൻ വന്നിട്ടുണ്ട്. ടി പ്രശ്നങ്ങൾ പരിഹരിച്ച് വിദ്യാർത്ഥികൾക്ക് അർഹമായ സ്കോളർഷിപ്പ് തുക ലഭ്യമാക്കേണ്ടതുണ്ട്. ആയതിന് 2 ജീവനക്കാരെ താൽക്കാലികമായി നിയമിക്കുന്നതിന് സൂചന പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ബാങ്കിൽ നിന്നും ലഭ്യമായ റിജക്ഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ച് തുക ലഭിക്കാത്ത വിദ്യാർത്ഥികളുടെ വിവരങ്ങൾ കണ്ടെത്തി ആയത് വിദ്യാഭ്യാസ ജില്ലാടിസ്ഥാനത്തിൽ ഡി.ഇ.ഒ. മാർക്ക് നൽകി അതാത് സ്കൂൾ പ്രധാനധ്യാപകർ വഴി അക്കൗണ്ട് സംബന്ധമായ പ്രശ്നങ്ങൾ പരിഹരിച്ച ലിസ്റ്റ് വകുപ്പ് ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതുമാണ് ഇത് സംബന്ധിച്ച പൂർണ്ണ ചുമതല എറണാകുളം മേഖലാ ഡപ്യൂട്ടി ഡയറക്ടർക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇക്കാര്യത്തിൽ IT@school ലെ സാങ്കേതിക സഹായവും സഹകരണവും എറണാകുളം മേഖലാ ഓഫീസർക്ക് തേടാവുന്നതാണ്.

ആയതിലേയ്ക്കായി മേൽ സൂചന പ്രകാരം രണ്ട് താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നതിന് അനുമതി നൽകിയും വകുപ്പ് ഡയറക്ടറേറ്റിലെ ക്ലർക്കായ ശ്രീമതി രാഖിയെ ജോലി ക്രമീകരണ വ്യവസ്ഥയിൽ എറണാകുളം മേഖലാ ആഫീസിൽ നിയമിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു. ഡെപ്യൂട്ടി ഡയറക്ടർ മൂന്ന് മാസത്തിനകം ഈ വിഷയത്തിൽ നടപടികൾ സ്വീകരിച്ച് റിജക്ഷൻ വന്ന എല്ലാ വിദ്യാർത്ഥികളുടെയും ശരിയായ അക്കൗണ്ട് വിവരങ്ങൾ ശേഖരിക്കേണ്ടതും ന്യൂനതകൾ പരിഹരിച്ച ലിസ്റ്റ് ഈ ആഫീസിൽ ലഭ്യമാക്കേണ്ടതുമാണ്.

*ഡയറക്ടർ*

ട്രഷറി ആഫീസർ
വെള്ളയമ്പലം.

<u>പകർപ്പ്</u> :

ഗവ. സെക്രട്ടറി, പിന്നാക്ക സമുദായ വികസന വകുപ്പ് (ഉപരിപത്രം സഹിതം)
സബ്ട്രഷറി വെള്ളയമ്പലം
സീനിയർ ഫിനാൻസ് ആഫീസർ
കുമാരി. നീനു സുന്ദർ, ശ്രീതങ്കം,ചെറുവക്കൽ
ബി.സി.ഡി.ഡി ബി1 സീറ്റ്
കരുതൽ/അധികം